## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4225 — 25.06.2018 -ലെ മറുപടിക്ക്.

## രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന

ചോദ്യം — മറുപടി

**ശ്രീ.സി.കൃഷ്ണൻ**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**
**ശ്രീ.മുരളി പെരുനെല്ലി**
**ശ്രീ.എസ്.രാജേന്ദ്രൻ:**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ) എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള പ്രീമിയത്തിന്റെ വിഹിതത്തിനും ഭരണ ചെലവുകൾക്കുമായി സംസ്ഥാന സർക്കാർ എത്ര ശതമാനം തുകയാണ് വഹിക്കുന്നതെന്നും കേന്ദ്ര സർക്കാർ വിഹിതം എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ; | (ബി) | ആർ. എസ്.ബി.വൈ. പദ്ധതി നടത്തിപ്പിൽ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള നിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; | (സി) | 2015 - 16 സാമ്പത്തിക വർഷം മുതൽ 75:25 കേന്ദ്ര — സംസ്ഥാന ഇൻഷ്വറൻസ് പ്രീമിയം വിഹിതം 60:40 ആയി ഭേദഗതി വരുത്തുകയുണ്ടായി. 2016 - 17 വർഷം മുതൽ ഇൻഷ്വറൻസ് കമ്പനിയുടെ പ്രവർത്തനം വിലയിരുത്തി പ്രീമിയം തുകയിൽ പെനാൽറ്റി ഇടുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017 ഏപ്രിൽ മാസം 1 മുതൽ എസ്ചിസ് എന്ന പുതിയ പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | ആർ.എസ്.ബി.വൈ - ചിസ് പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സിനും അതിനുമുകളിലുമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30,000/- രൂപയുടെ അധിക സൗജന്യ ചികിത്സ ലഭിച്ചു വരുന്നു. |
| (ഡി) | ഏത് ഏജൻസിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കേരള സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിനു കീഴിൽ രൂപീകൃതമായ ചിയാക് (കോംപ്രി-ഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള) എന്ന നോഡൽ ഏജൻസി മുഖാന്തിരമാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| (ഇ) | ചില സ്വകാര്യ ആശുപത്രികൾ ഈ പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ; | | ഉണ്ട്. ആർ.എസ്.ബി.വൈ - ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചുരുക്കം ചില സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്നും പിന്മാറുകയും അവയിൽ പലതും പിന്നീട് തിരിച്ചു വരുകയും ചെയ്യാറുണ്ട്. ഇതിനു ആശുപത്രിക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. കൂടാതെ പുതിയ പല സ്വകാര്യ ആശുപത്രികളും പുതിയതായി അംഗമാവുന്നുണ്ട്. പദ്ധതി മാനദണ്ഡം പാലിക്കാത്ത പക്ഷം അച്ചടക്ക നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (എഫ്) | കൂടുതൽ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ ചേരുന്നതിനു എല്ലാ വർഷവും വർക്ക്ഷോപ്പ് സംഘടിപ്പിക്കാറുണ്ട്. ഇതു കൂടാതെ ചിയാക്കിന്റെ ജില്ലാ പ്രൊജക്റ്റ് മാനേജർ ആശുപത്രികളെ സമീപിച്ചു പദ്ധതിയെക്കുറിച്ച് ബോധവൽക്കരി-ക്കാറുമുണ്ട്. കഴിഞ്ഞ വർഷം പദ്ധതിയിൽ 298 സ്വകാര്യ ആശുപത്രി-കൾ അംഗങ്ങളായി കഴിഞ്ഞു. ഇതിൽ അമ്പത്തിയേഴോളം സ്വകാര്യ ആശുപ-ത്രികൾ 2017-18 ൽ അംഗമായതാണ്. |

സെക്ഷൻ ഓഫീസർ